പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം: 5361

23-05-2017- ൽ
മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പിലാക്കുന്ന വിവിധ വികസന പരിപാടികൾ

**ചോദ്യം**

**ശ്രീ. കെ. കൃഷ്ണൻകുട്ടി**
**ശ്രീ. സി.കെ.നാണു**
**ശ്രീ. എ. കെ. ശശീന്ദ്രൻ**
**ശ്രീ. കെ.ബി.ഗണേഷ് കുമാർ**

(എ) ന്യൂനപക്ഷ ക്ഷേമത്തിനായി സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇത്തരം പദ്ധതികളുടെ മാർഗരേഖ സംബന്ധിച്ച് എന്തെങ്കിലും പകർപ്പ് ലഭ്യമാണെങ്കിൽ നല്കാമോ;

(ബി) ന്യൂനപക്ഷ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; ഇവയുടെ നടത്തിപ്പ് രീതിയും ജനങ്ങളിലെത്തിക്കുന്നതിനുള്ള നടപടികളും വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. കെ.ടി. ജലീൽ**
**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി പദ്ധതി മാത്രമാണ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലുമാണ് നടപ്പിലാക്കുന്നത്. വിദ്യാഭ്യാസ-ആരോഗ്യ-കുടിവെള്ള മേഖലകൾക്കാണ് ഈ പദ്ധതി പ്രാമുഖ്യം നൽകുന്നത്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ പദ്ധതികൾക്ക് 75:25 എന്ന തോതിലും കുടിവെള്ള മേഖലകളിലെ പദ്ധതികൾക്ക് 50:50 എന്ന തോതിലുമാണ് കേന്ദ്ര-സംസ്ഥാന വിഹിതം അനുവദിച്ചിട്ടുള്ളത്. വിദ്യാഭ്യാസ മേഖലകളിലെ പദ്ധതികൾക്ക് തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത സ്കൂളുകളിൽ അധിക ക്ലാസ് മുറികളുടെ നിർമ്മാണം. ആരോഗ്യ മേഖലയിൽ ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് അധിക വാർഡ്, അധിക കെട്ടിടങ്ങളുടെ നിർമ്മാണം, കുടിവെള്ള മേഖലയിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലദൗർലഭ്യം അനുഭവിക്കുന്നവർക്ക് അവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ ടി പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു. ബന്ധപ്പെട്ട ജില്ലകളിലെ ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ആഫീസർ എന്നിവർ മുഖേനയാണ് പദ്ധതി നടത്തിപ്പും മേൽനോട്ടവും നിർവ്വഹിച്ചു വരുന്നത്. ഇതിന്റെ പ്രയോജനം പദ്ധതി പ്രദേശങ്ങളിലെ ന്യൂനപക്ഷ വിഭാഗത്തിന് ലഭ്യമാകുന്നതരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**

**കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ**

ന്യൂനപക്ഷ ക്ഷേമത്തിനായി ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം/ക്രിസ്ത്യൻ/ബുദ്ധ/സിഖ്/പാഴ്സി/ജൈന തുടങ്ങിയവർക്ക് വരുമാനദായകമായ പദ്ധതിയിലൂടെ ജീവിതം മെച്ചപ്പെടുത്തുന്നതിലേക്ക് വായ്പാ പദ്ധതികളും വിദ്യാഭ്യാസ പുരോഗതിക്കായി വിദ്യാഭ്യാസ വായ്പകളും സംരഭകത്വ വികസനത്തിനായി പരിശീലന പദ്ധതികളും മറ്റുമാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നൽകി വരുന്നത്. പ്രസ്തുത പദ്ധതികളുടെ മാർഗരേഖ **www.ksmdfc.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്**

1. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്

ചാർട്ടേർഡ് അക്കൗണ്ടൻസി/ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് ആൻറ് വർക്ക് അക്കൗണ്ടൻസി/ കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ (മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈനർ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കാണ് ടി സകോളർഷിപ്പ് നൽകുന്നത്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ വിഭാഗത്തിൽ 6 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരെയും പരിഗണിക്കുന്നതാണ്. മുസ്ലീങ്ങൾക്കും മറ്റ് ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്കും 80:20 എന്ന അനുപാതത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. കൂടാതെ, 30% തുക പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും.

2. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈനർ എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകളുടെയും, വിവാഹബന്ധം വേർപ്പെടുത്തിയവരുടെയും, ഉപേക്ഷിക്കപ്പെട്ടവരുടെയും ഭവന നിർമ്മാണത്തിന് ഒരു വീടിന് രണ്ടര ലക്ഷം രൂപയാണ് ധനസഹായം. ഇത് തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം പേരിൽ ബാദ്ധ്യതകളില്ലാത്ത ചുരുങ്ങിയത് രണ്ട് സെൻറ് സ്ഥലം ഉണ്ടായിരിക്കണം. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ കുടുംബം. അപേക്ഷകയ്ക്കോ അവരുടെ മക്കൾക്കോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന നൽകും. വകുപ്പ് പ്രത്യേകം തയ്യാറാക്കിയ അപേക്ഷാ ഫാറം മുഖേനയാണ് അപേക്ഷിക്കേണ്ടത്. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത്

ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ടറേറ്റിലേക്ക് തപാൽ മുഖാന്തിരവും അപേക്ഷിക്കാം. അപേക്ഷാ ഫോറം ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും നേരിട്ടും www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കും. കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന സ്ഥിര താമസ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

3. ഹൈസ്കൂൾ, ഹയർ സെക്കൻററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം

മുസ്ലീം, ക്രിസ്ത്യൻ തുടങ്ങിയ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന ഹൈസ്കൂൾ, ഹയർ സെക്കൻററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ്-വ്യക്തിത്വ വികസന പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. അഭിരുചിക്കനുസരിച്ച് ഉപരിപഠന മേഖലകൾ തെരഞ്ഞെടുക്കുക, വ്യക്തിത്വ രൂപീകരണം തുടങ്ങിയവയാണ് ഈ ക്യാമ്പിന്റെ മുഖ്യ ലക്ഷ്യങ്ങൾ. വാർഷിക പരീക്ഷയിൽ ചുരുങ്ങിയത് 60% മാർക്ക് നേടിയവർക്കാണ് ക്യാമ്പിലേക്കുള്ള പ്രവേശനം. ഹയർ സെക്കൻററി വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയുടെ മാർക്കും മറ്റുള്ളവർക്ക് മുൻ വർഷത്തെ വാർഷിക പരീക്ഷയുടെ മാർക്കുമാണ് മാനദണ്ഡം. 30% സീറ്റുകൾ പെൺകുട്ടികൾക്കും 20% സീറ്റുകൾ മുസ്ലീങ്ങൾ ഒഴികെയുള്ള മറ്റ് മതന്യൂനപക്ഷ വിഭാഗങ്ങൾക്കും സംവരണം ചെയ്തിരിക്കുന്നു. ബി.പി.എൽ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകും. ഒരു ക്യാമ്പിൽ പരമാവധി 100 വിദ്യാർത്ഥികൾക്കാണ് അവസരം.

4. സ്വകാര്യ ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെൻറ് സ്കീം

സർക്കാർ അംഗീകൃത സ്വകാര്യ ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ (മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈനർ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കാണ് ഫീ-റീഇംബേഴ്സ്മെൻറ് സ്കീം നൽകുന്നത് ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ വിഭാഗത്തിൽ 6 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരെയും പരിഗണിക്കുന്നതാണ്. മുസ്ലീങ്ങൾക്കും മറ്റ് ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്കും 80:20 എന്ന

ആനുപാതത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. കൂടാതെ, 10% തുക പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും.

5. എസ്.എസ്.എൽ.സി/പ്ലസ് ടു/വി.എച്ച്.എസ്.ഇ/ബിരുദ/ബിരുദാനന്തരബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്

എസ്.എസ്.എൽ.സി/ പ്ലസ് ടു/വി.എച്ച്.എസ്.ഇ തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ്/ 90%-മാർക്ക് നേടിയവർ, ബിരുദത്തിന് 80%-മാർക്ക് നേടിയവർ ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അവാർഡ് നൽകുന്നത്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ വിഭാഗത്തിൽ 6 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരെയും പരിഗണിക്കുന്നതാണ്. കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും അതത് അദ്ധ്യയന വർഷങ്ങളിൽ ഉന്നത വിജയം നേടിയവർക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. മുസ്ലീങ്ങൾക്കും മറ്റ് ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്കും 80:20 എന്ന ആനുപാതത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. കേരള സർക്കാർ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ എസ്.എസ്.എൽ.സി/ പ്ലസ് ടു/ വി.എച്ച്.എസ്.ഇ/ബിരുദം/ ബിരുദാനന്തരബിരുദം തലങ്ങളിൽ പഠിച്ചവർക്ക് അപേക്ഷിക്കാവുന്നതാണ്.

6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാന ഫണ്ട് ഉപയോഗിച്ച് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. സംസ്ഥാനത്ത് അതത് ജില്ലകളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതാറിറ്റി തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റുകൾ അടങ്ങിയ പ്രൊപ്പോസലുകൾ വകുപ്പിന് നേരിട്ട് ലഭ്യമാക്കുകയും ആയത് പരിശോധിച്ച് ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇപ്രകാരം അംഗീകരിക്കുന്ന തുക പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതി പ്രദേശങ്ങളിലെ മോണിറ്ററിംഗും, പരിപാലനവും അതത് തദ്ദേശസ്ഥാപനങ്ങളാണ് നടത്തുന്നത്.

7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി

സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീ/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെൻറ് പദ്ധതിയിൽ നോൺ ക്രീമിലെയർ പരിധിയിൽ വരുന്ന ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. ബി.പി.എൽ വിഭാഗത്തിന് മുൻഗണന നൽകുന്നു. കേരള സിവിൽ സർവ്വീസ് അക്കാദമി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസർച്ച്-പൊന്നാനി, യൂണിവേഴ്സിറ്റികൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തുന്നവർക്കാണ് ധനസഹായം നൽകുന്നത്. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനം നേരിട്ട് നടത്തുന്ന ഹോസ്റ്റലുകളിലും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ നിന്നും പഠിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പൻറിന് അപേക്ഷിക്കാം.

8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

ഉറുദു ഐച്ഛികഭാഷയായെടുത്ത് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി & ഹയർ സെക്കൻററി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയാണിത്.

9. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പൻറ്

കേരളത്തിൽ സ്ഥിരതാമസക്കാരായ മുസ്ലീം, ലത്തീൻ ക്രിസ്ത്യൻ/പരിവർത്തിത ക്രിസ്ത്യൻ, വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കാണ് സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പും/ ഹോസ്റ്റൽ സ്റ്റൈപ്പൻറും നൽകുന്നത്. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപ്പൻറ് എന്നിവയിൽ ഏതെങ്കിലും ഒന്നിനാണ് അപേക്ഷിക്കാവുന്നത്. കേരള സർക്കാർ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും പൊതു പ്രവേശന പരീക്ഷയെഴുതി സർക്കാർ ക്വാട്ടയിൽ പ്രവേശനം നേടി, സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാം. ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാതെ പോയവർക്കും ഇപ്പോൾ പഠിക്കുന്ന വർഷത്തേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് നേടിയവരും കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ താഴെയുള്ളവരുമായിരിക്കണം. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പൻറിനായി അപേക്ഷിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**